(ഡി) ഓഫീസിലെ ഇ2 സെക്ഷനിലാണ് ഇതു സംബന്ധിച്ച ഫയൽ സൂക്ഷിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുള്ളത്. റിപ്പോർട്ട് തയ്യാറാക്കിയവരുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു:

	തസ്തിക	*പേര്*	*എന്ന് മുതൽ ജോലി നോക്കുന്നു*
(1)	ഡെപ്യൂട്ടി ഡയറക്ടർ (പി. റ്റി. ആർ.) തേക്കടി	പ്രമോദ് ജി. കൃഷ്ണൻ	1-3-2004
(2)	ജൂനിയർ സൂപ്രണ്ട്	കെ. ഗോപാലകൃഷ്ണൻ	27-9-2004
(3)	എൽ. ഡി. ക്ലാർക്ക്	ബി. ദിലീപ്	29-8-2000

(ഇ) ഉണ്ട്. എസ്. രവീന്ദ്രൻ.

(എഫ്) തസ്തികമാറ്റം വഴി ആനപാപ്പാൻ ബോട്ട് ലാസ്ക്കർ ആയി പെരിയാർ ഈസ്റ്റ് ഡിവിഷനിൽ ജോലി നോക്കുന്നില്ല.

(ജി) നിലവിൽ സ്ഥിരനിയമനത്തിനുള്ള ഒഴിവ് ഇല്ല.

പെരിയാർ ഫൗണ്ടേഷന്റെ പ്രവർത്തനവും ജീവനക്കാരും

125 [2554] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവിൽ എന്നുമുതൽക്കാണ് ഇക്കോ ഡവലപ്മെന്റ് പ്രോഗ്രാം നടപ്പിൽ വന്നത്;

(ബി) നിലവിലുള്ള പെരിയാർ ഫൗണ്ടേഷൻ മുൻ പ്രോഗ്രാമിന്റെ തുടർച്ച യാണോ;

(സി) ഇതിന്റെ ഘടനയും നടത്തിപ്പും വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ നിയമാവലി ലഭ്യമാക്കുമോ;

(ഇ) പെരിയാർ ഫൗണ്ടേഷനിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു വെന്നും ഇതിൽ സ്ഥിരനിയമനം ലഭിച്ചവർ എത്ര എന്നും താല്ക്കാലിക ജീവനക്കാർ എത്ര എന്നും വിശദമാക്കുമോ;

(എഫ്) സർക്കാർ സർവ്വീസിൽ നിന്നും പിരിഞ്ഞതിനുശേഷവും ഇവിടെ ശമ്പളം പറ്റി ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) പെരിയാർ ഫൗണ്ടേഷന്റെ വരുമാനമാർഗ്ഗങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) തേക്കടിയിൽ എത്തുന്ന വിനോദ സഞ്ചാരികളിൽനിന്ന് ഈ ഫൗണ്ടേഷൻ ഇതുവരെ എത്ര രൂപ സെസ്സ് പിരിച്ചെടുത്തു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇൻഡ്യാ ഇക്കോ ഡെവലപ്പ്മെന്റ് പ്രോജക്ട് അനുസരിച്ച് തേക്കടിയിൽ ഇക്കോ ഡെവലപ്പ്മെന്റ് പ്രോഗ്രാം ആരംഭിച്ചത് 1996-ൽ ആണ്.

(ബി) ഇൻഡ്യാ ഇക്കോ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്ന മുൻ പ്രോഗ്രാമിനെക്കാൾ കൂടുതൽ വ്യാപ്തിയിൽ പശ്ചിമഘട്ടത്തെ മൊത്തമായി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പ്രോഗ്രാം.

(സി) സർക്കാർ ഉത്തരവ് (എം.എസ്.) നം. 36/04/വനം തീയതി 27-7-2004 പ്രകാരമാണ് ഘടനയും പ്രവർത്തനവും നടത്തിവരുന്നത്. പെരിയാർ ഫൗണ്ടേഷന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും ഉണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 7 അംഗങ്ങളും, ഗവേണിംഗ് ബോഡിയിൽ 17 അംഗങ്ങളും ഉണ്ട്. ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾക്കും ജനപ്രതിനിധികൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും പ്രാതിനിധ്യം ഉറപ്പാക്കുന്ന തരത്തിലാണ് ഇതിന്റെ ഭരണസംവിധാനം.

(ഡി) സർക്കാർ ഉത്തരവ് (എം. എസ്.) നം. 36/2004/വനം തീയതി 27-7-2004-ന്റെ അനുബന്ധമായി നിയമാവലി ചേർത്തിട്ടുണ്ട്.

(ഇ) പെരിയാർ ഫൗണ്ടേഷനിൽ സ്ഥിരനിയമനം നടത്തിയിട്ടില്ല. ആവശ്യമായ തസ്തികകളുടെ സ്വഭാവവും നിയമനരീതിയും മറ്റും ഓപ്പറേഷൻ മാനുവൽ അംഗീകരിച്ച് കഴിയുമ്പോൾ മാത്രമേ സർക്കാർ അനുമതിയോടെ സ്ഥിര നിയമനം നൽകാൻ കഴിയുകയുള്ളു. പ്രോജക്ട് അവസാനിച്ചെങ്കിലും പ്രോഗ്രാം തുടരണം എന്നുള്ളത് കൊണ്ട് സ്ഥിരംതസ്തികകൾ ഉണ്ടാകുന്നതുവരെ പ്രോജക്ടിൽ ജോലി ചെയ്തിരുന്ന കോൺട്രാക്ട് പ്രൊഫഷണൽസ് തുടരണമെന്ന ആവശ്യം ഗവേണിംഗ് ബോഡി പരിഗണിക്കുകയും, 30-6-2005 വരെയോ, സ്ഥിരനിയമനം നടത്തുന്നത് വരെയോ, ഏതാണോ ആദ്യം എന്ന രീതിയിൽ ടി കോൺട്രാക്ട് പ്രൊഫഷണൽസ് ജോലി ചെയ്യുന്നുണ്ട്.

(എഫ്) മേൽപ്പറഞ്ഞ രീതിയിൽ കോൺട്രാക്ട് പ്രൊഫഷണൻസ് ആയി സർക്കാർ സർവ്വീസിൽ നിന്നും പിരിഞ്ഞ രണ്ടുപേർ ജോലി ചെയ്യുന്നുണ്ട്.

(ജി) സർക്കാർ ഉത്തരവ് (എംഎസ്.) 36/04/വനം തീയതി 27-7-2004-ലെ വ്യവസ്ഥ അനുസരിച്ച് വിനോദ സഞ്ചാരികളിൽ നിന്നും ഈടാക്കുന്ന ഇക്കോ ഡെവലപ്പ്മെന്റ് സർചാർജ്ജാണ് നിലവിൽ ഫൗണ്ടേഷന്റെ വരുമാനമാർഗ്ഗം.

(എച്ച്) 28-2-2005 വരെ മൊത്തം 36,62,100 രൂപ ഇക്കോ ഡെവലപ്പ്മെന്റ് സർചാർജ്ജ് ഇനത്തിൽ ഫൗണ്ടേഷന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly